(എ) കുറ്റ്യാടി എക്സ്റ്റൻഷൻ വൈദ്യുത പദ്ധതി പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കായി എന്തുതുക ചെലവുവരുമെന്നാണ് ബോർഡ് പ്രതീക്ഷിച്ചിരുന്നതെന്നും ആകെ എന്തുതുക ചെലവായിയെന്നും വെളിപ്പെടുത്തുമോ;

(സി) ഇതിൽ വിദേശ വായ്പ എത്ര; ബോർഡ് ചെലവാക്കിയതുക എത്ര; ഏത് ഏജൻസി വഴിയാണ് വായ്പ വാങ്ങിയത്;

(ഡി) പ്രസ്തുത പദ്ധതിയുടെ വിദേശസാമഗ്രികൾ സപ്ലൈ ചെയ്യുന്നത് ഏത് ഏജൻസിയാണ്?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) 23-1-1992-ൽ 38.22 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. ഈ പദ്ധതിക്ക് ഇതുവരെ ആകെ 227.098 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) വിദേശ വായ്പ 77.75 കോടി രൂപ. ബോർഡ് ചെലവാക്കിയത് 149.348 കോടി രൂപ. എക്സ്പോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ, കാനഡ എന്ന സ്ഥാപനത്തിൽനിന്നാണ് വായ്പ എടുത്തത്.

(ഡി) എസ്. എൻ. സി. ലാവ്‌ലിൻ.

കോഴിക്കോട് വൈദ്യുതി സർക്കിളിൽ സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ

38 [2788] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വൈദ്യുതി സർക്കിളിൽപ്പെട്ട എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട പഞ്ചായത്തുകളിൽ 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര വീതം ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പഞ്ചായത്ത് പ്രദേശവുമായി ബന്ധപ്പെട്ട സെക്ഷനുകളുടെ ട്രാൻസ്ഫോർമറുകൾക്ക് വേണ്ടിയുള്ള എത്ര അപേക്ഷ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു. †

(ബി)	എലത്തൂർ	—	1
	തലക്കളത്തൂർ	—	ഇല്ല
	അത്തോളി	—	1
	ഉള്ളിയേരി	—	1
	ബാലുശ്ശേരി	—	ഇല്ല
	പനങ്ങാട്	—	1
	നന്മണ്ട	—	3

33 കെ. വി. സബ്സ്റ്റേഷൻ-കോട്ടപ്പള്ളി

39 [2789] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ പഞ്ചായത്തിലെ കോട്ടപ്പള്ളിയിൽ നിർമ്മാണപ്രവർത്തനം നടക്കുന്ന 33 കെ. വി. സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ പ്രവർത്തിക്ക് കാലതാമസം ഉണ്ടാവാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവള്ളൂർ 33 കെ. വി. സബ്സ്റ്റേഷനിലെ കൺട്രോൾ റൂം, എക്വിപ്മെന്റ് യാർഡ്, സ്ട്രക്ചർ ഫൗണ്ടേഷൻ എന്നിവയുടെ പണിതീർന്നു. എക്വിപ്മെന്റ് ഇറക്ഷന്റെ 80 ശതമാനം പണി പൂർത്തിയായി.

വടകര-തിരുവള്ളൂർ ലൈൻ വൂട്ടിൽ കോടതി മുമ്പാകെയുണ്ടായിരുന്ന കേസ് തീരുമാനമായതിനെത്തുടർന്ന് വീണ്ടും മരം അടയാളപ്പെടുത്തൽ നടത്തിക്കഴിഞ്ഞു.

(ബി) ഈ സാമ്പത്തിക വർഷംതന്നെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly